**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93** **07-02-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തു വിനോദസഞ്ചാര മേഖലയിൽ നിലവിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇവയാണ്:<br><br>**ശബരിമല – എരുമേലി - പമ്പ – സന്നിധാനം - സ്പിരിച്വൽ സർക്യൂട്ട്:**<br><br>കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിലെ സ്പിരിച്വൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് 'ശബരിമല – എരുമേലി - പമ്പ - സന്നിധാനം - സ്പിരിച്വൽ സർക്യൂട്ട്'. നിർവഹണ ഏജൻസിയായ ഹൈപവർ കമ്മറ്റി ഫോർ ഇംപ്ലിമെന്റേഷൻ ഓഫ് ശബരിമല മാസ്റ്റർ പ്ലാൻ - ട്രാവൻകൂർ ദേവസ്വം ബോർഡ് (TDB) മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.<br><br>പുതുക്കിയ ഭരണാനുമതി പ്രകാരമുള്ള 75.01% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.<br>**റൂറൽ സർക്യൂട്ട് - മലനാട് - മലബാർ- ക്രൂയിസ് - ടൂറിസം പദ്ധതി:**<br><br>കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിലെ റൂറൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് 'മലനാട് - മലബാർ - ക്രൂയിസ് - ടൂറിസം പദ്ധതി. ഉൾനാടൻ ഗതാഗത വകുപ്പും കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനിയും (KEL) ആണ് പദ്ധതിയുടെ നിർവഹണ ഏജൻസികൾ.<br><br>പദ്ധതിയുടെ **38.74% പൂർത്തിയായി.**<br><br>**ശ്രീ പത്മനാഭ - ആറന്മുള ആസ് എ സ്പിരിച്വൽ സർക്യൂട്ട്:** |

| | | | |
|---|---|---|---|
| | | | കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 'ശ്രീ പത്മനാഭ – ആറന്മുള - സ്പിരിച്വൽ സർക്യൂട്ട്' അനുവദിച്ചത്.<br><br>പദ്ധതി പൂർത്തിയാക്കി.<br><br>**<u>ഇക്കോ ടൂറിസം സർക്യൂട്ട് - പത്തനംതിട്ട - ഗവി - വാഗമൺ – തേക്കടി:</u>**<br><br>കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിലെ ഇക്കോ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് 'ഡവലപ്മെന്റ് ഓഫ് പത്തനംതിട്ട – ഗവി - വാഗമൺ - തേക്കടി ആസ് ഇക്കോ ടൂറിസം സർക്യൂട്ട് ഇൻ ഇടുക്കി & പത്തനംതിട്ട'.<br><br>പദ്ധതി പൂർത്തീകരിച്ചു.<br><br>**<u>ഡവലപ്മെന്റ് ഓഫ് ഗുരുവായൂർ ടെമ്പിൾ:</u>**<br>കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് 'ഡവലപ്മെന്റ് ഓഫ് ഗുരുവായൂർ ടെമ്പിൾ'.<br><br>ഗുരുവായൂർ ദേവസ്വം ബോർഡും ഗുരുവായൂർ നഗരസഭയും മുഖേന കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL) ആയിരുന്നു പദ്ധതിയുടെ നിർവഹണം. പദ്ധതി പൂർത്തിയായിട്ടുണ്ട്.<br><br>**<u>ഡവലപ്മെൻറ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് ശിവഗിരി ശ്രീ നാരായണ ഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപാറ ശ്രീ സുബ്രഹ്മണ്യ - ചെമ്പഴന്തി ശ്രീ നാരായണ ഗുരുകുലം ഇൻ കേരള :</u>**<br><br>കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ പെടുത്തി അനുവദിച്ചതാണ് 'ഡവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് ശിവഗിരി ശ്രീ നാരായണ ഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപാറ ശ്രീ സുബ്രഹ്മണ്യ - ചെമ്പഴന്തി ശ്രീ നാരായണ ഗുരുകുലം ഇൻ കേരള'. ഇന്ത്യ ടൂറിസം ഡവലപ്മെന്റ് കോർപറേഷൻ (ITDC) ആണ് പദ്ധതിയുടെ നിർവഹണ ഏജൻസി. ഇതുവരെ പദ്ധതിയുടെ 42.26% ജോലികൾ പൂർത്തിയായി. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (ബി) | സംസ്ഥാനത്തു വിനോദസഞ്ചാര മേഖലയിൽ നിലവിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇവയാണ്:<br><br>**<u>ശബരിമല – എരുമേലി - പമ്പ – സന്നിധാനം - സ്പിരിച്വൽ സർക്യൂട്ട്:</u>** |

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിലെ സ്പിരിച്വൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് 'ശബരിമല – എരുമേലി - പമ്പ - സന്നിധാനം - സ്പിരിച്വൽ സർക്യൂട്ട്'. നിർവഹണ ഏജൻസിയായ ഹൈപവർ കമ്മറ്റി ഫോർ ഇംപ്ലിമെന്റേഷൻ ഓഫ് ശബരിമല മാസ്റ്റർ പ്ലാൻ - ട്രാവൻകൂർ ദേവസ്വം ബോർഡ് (TDB) മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

പുതുക്കിയ ഭരണാനുമതി പ്രകാരമുള്ള 75.01% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

**<u>റൂറൽ സർക്യൂട്ട് - മലനാട് - മലബാർ- ക്രൂയിസ് - ടൂറിസം പദ്ധതി:</u>**

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിലെ റൂറൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് 'മലനാട് - മലബാർ - ക്രൂയിസ് - ടൂറിസം പദ്ധതി. ഉൾനാടൻ ഗതാഗത വകുപ്പും കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനിയും (KEL) ആണ് പദ്ധതിയുടെ നിർവഹണ ഏജൻസികൾ.

പദ്ധതിയുടെ **38.74% പൂർത്തിയായി.**

**<u>ശ്രീ പത്മനാഭ - ആറന്മുള ആസ് എ സ്പിരിച്വൽ സർക്യൂട്ട്:</u>**

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 'ശ്രീ പത്മനാഭ – ആറന്മുള - സ്പിരിച്വൽ സർക്യൂട്ട്' അനുവദിച്ചത്.

പദ്ധതി പൂർത്തിയാക്കി.

**<u>ഇക്കോ ടൂറിസം സർക്യൂട്ട് - പത്തനംതിട്ട - ഗവി - വാഗമൺ – തേക്കടി:</u>**

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിലെ ഇക്കോ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് 'ഡവലപ്മെന്റ് ഓഫ് പത്തനംതിട്ട – ഗവി - വാഗമൺ - തേക്കടി ആസ് ഇക്കോ ടൂറിസം സർക്യൂട്ട് ഇൻ ഇടുക്കി & പത്തനംതിട്ട'.

പദ്ധതി പൂർത്തീകരിച്ചു.

**<u>ഡവലപ്മെന്റ് ഓഫ് ഗുരുവായൂർ ടെമ്പിൾ:</u>**

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് 'ഡവലപ്മെന്റ് ഓഫ് ഗുരുവായൂർ ടെമ്പിൾ'.

| | | | |
|---|---|---|---|
| | | | ഗുരുവായൂർ ദേവസ്വം ബോർഡും ഗുരുവായൂർ നഗരസഭയും മുഖേന കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL) ആയിരുന്നു പദ്ധതിയുടെ നിർവഹണം. പദ്ധതി പൂർത്തിയായിട്ടുണ്ട്.<br><br>**<u>ഡവലപ്മെൻറ് ഓഫ് സ്പിരിചൽ സർക്യൂട്ട് ശിവഗിരി ശ്രീ നാരായണ ഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപാറ ശ്രീ സുബ്രമണ്യ - ചെമ്പഴന്തി ശ്രീ നാരായണ ഗുരുകുലം ഇൻ കേരള :</u>**<br><br>കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ പെടുത്തി അനുവദിച്ചതാണ് 'ഡവലപ്മെന്റ് ഓഫ് സ്പിരിചൽ സർക്യൂട്ട് ശിവഗിരി ശ്രീ നാരായണ ഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപാറ ശ്രീ സുബ്രമണ്യ - ചെമ്പഴന്തി ശ്രീ നാരായണ ഗുരുകുലം ഇൻ കേരള'. ഇന്ത്യ ടൂറിസം ഡവലപ്മെന്റ് കോർപറേഷൻ (ITDC) ആണ് പദ്ധതിയുടെ നിർവഹണ ഏജൻസി. ഇതുവരെ പദ്ധതിയുടെ 42.26% ജോലികൾ പൂർത്തിയായി. |
| (സി) | പദ്ധതി നടത്തിപ്പിലെ ജാഗ്രതക്കുറവ് കാരണം കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | നഷ്ടപ്പെട്ടിട്ടില്ല. |
| (ഡി) | കേന്ദ്ര സർക്കാർ അനുവദിച്ച ഏതെങ്കിലും ടൂറിസം പദ്ധതിയുടെ തുക തിരികെ നൽകേണ്ടതായി വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | ഏതെങ്കിലും പുതിയ ടൂറിസം പദ്ധതിയ്ക്ക് കേന്ദ്രത്തിന്റെ അനുമതി തേടിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഇ) | കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയത്തിനു കീഴിലെ 'പ്രസാദ്' പദ്ധതിയിൽ പരിഗണിക്കാനായി സമർപ്പിച്ച പദ്ധതികൾ ഇവയാണ്:<br><br>1. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ, മലയാറ്റൂർ (പദ്ധതി തുക 29.91 കോടി രൂപ).<br><br>2. ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ (പദ്ധതി തുക 4.29 കോടി രൂപ).<br><br>3. ഡവലപ്മെന്റ് ഓഫ് റിലീജിയസ് സെന്റേഴ്സ് അറ്റ് പെരുമ്പാവൂർ ഇൻ എണാകുളം ഡിസ്ട്രിക്റ്റ് (പദ്ധതി തുക ഏഴ് കോടി രൂപ).<br><br>കേന്ദ്ര സർക്കാരിന്റെ 'സ്വദേശ് ദർശൻ 2.0' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ബേപ്പൂർ, കുമരകം, ബേക്കൽ, ഇടുക്കി ഡാം സറൗണ്ടിങ്സ്, മലങ്കര ഡാം സറൗണ്ടിങ്സ്, കാരാപ്പുഴ എന്നീ ഡെസ്റ്റിനേഷനുകളുടെ മൊത്തത്തിലുള്ള വികസനം ലക്ഷ്യമിട്ടുള്ള State Perspective Plan സമർപ്പിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | 04.01.2023ലെ ഓഫിസ് മെമ്മോറാണ്ടം ഫയൽ നമ്പർ: എസ് ഡി - 8/15/2020 പ്രകാരം കുമരകം, കോഴിക്കോട് (ബേപ്പൂർ) എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങളെ 'സ്വദേശ് ദർശൻ 2.0' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ